**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 751 — 05.02.2020-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. ആർ. കേളു :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | എ) | വയനാട് ജില്ലയിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി വിൽക്കാൻ തയ്യാറായ 103 ഭൂവുടമകൾ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൻ പ്രകാരം ആകെ ലഭിച്ച 326 ഏക്കർ ഭൂമിയിൽ ജില്ലാതല സൂക്ഷ്മ പരിശോധന നടത്തി 36 ഭൂവുടമകളുടെ 72.84 ഏക്കർ ഭൂമി അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ വില നിർണ്ണയം പൂർത്തീകരിച്ച 12 ഭൂവുടമകളുടെ 19.18 ഏക്കർ ഭൂമിയുടെ വില 29.10.2019-ന് ചേർന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC യോഗം അംഗീകരിച്ച് നൽകിയിരുന്നു.<br><br>എന്നാൽ ഒരാൾ ഒഴികെ മറ്റുള്ളവർ ടി വിലയ്ക്ക് ഭൂമി വിൽക്കുന്നതിന് തയ്യാറാകാത്തതിനാൽ വീണ്ടും നെഗോസിയേഷൻ നടത്തി 6 ഭൂവുടമകളുടെ 6.33 ഏക്കർ ഭൂമിയ്ക്ക് ഉയർന്ന വില നിശ്ചയിച്ച് SLEC-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| ബി) | നിലവിൽ എത്ര ഭൂരഹിതരായ ആദിവാസികൾ വയനാട് ജില്ലയിൽ ഉണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്, വിശദാംശം നൽകാമോ? | ബി) | വയനാട് ജില്ലയിൽ 3051 പേർ തീർത്തും ഭൂമി ഇല്ലാത്തവരെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ലൈഫ് മിഷന്റെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂമിയും വീടും അനുവദിക്കുന്നതിലേക്കായി ഭൂരഹിതരുടെ വിശദാംശങ്ങൾ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**